# ഹിരോഷിമാകള്‍



വര്‍ണ്ണോജ്ജ്വലമാം ചിറകുകള്‍ വീശി-
പ്പറന്നു വന്നൊരു ശലഭം ഞാന്‍.

നിന്നെയുമോര്‍ത്തെന്‍ പനിനീരലരേ!
ഒരു സുഖനിദ്രയിലമരുമ്പോള്‍

ഇന്നലെ, യുജ്ജ്വലമാമൊരു സുന്ദര-
സ്വപ്നരഥത്തില്‍ ക്കയറി ഞാന്‍.

കിങ്ങിണി കെട്ടിയ വാനിന്‍ നടയില്‍
കുതിച്ചുണഞ്ഞു രഥചക്രം.

കവഞ്ചി വീശി, ക്കുതിരകള്‍ നേരേ
തെളിച്ചു വിട്ടു ഞാനപ്പോള്‍.

പൂത്താലങ്ങളുമേന്തിക്കൈയില്‍
താരകള്‍ നിന്നെതിരേല്‍ക്കാനായ്.

മുഴങ്ങി ധീരത വിരിയും ശബ്ദം
മുഴങ്ങി വാനവവീഥികളില്‍.

തിരിഞ്ഞു നോക്കി; ഭൂമണ്ഡലമെന്‍
മിഴിക്കുമുമ്പൊരു പൊട്ടല്ലോ.

എരിഞ്ഞടങ്ങിയ വിഷമേഖലയില്‍
കരിഞ്ഞ താമര മൊട്ടല്ലോ.

വിഷാദഭരിതം തിരിച്ചുവന്നു
വിഷാഗ്നി പടരും തെരുവിതില്‍ ഞാന്‍.

തെരുവല്ലിന്നിതു മനുഷ്യരക്തം
പതച്ചു പായും പുഴയല്ലോ.

പുഴയിതില്‍ മുങ്ങിക്കുളിച്ചു കയറിയ
രജനി വരും കല്‍പടവുകളില്‍

വിഷാദമൂകം നില്‍പു ഞാനീ
വിഷാഗ്നി ചുഴലും കാടുകളില്‍.

കാട്ടുകളല്ലിതു മനുഷ്യമാംസം
നീറിപ്പുകയും ചിതയല്ലോ.

ചിതയിതിലാളിക്കത്തിയൊരെരി തീ
നാവുകൾ നീട്ടിയ നാളുകളിൽ

ഭയന്നു താരകളിരുളും വാനിൻ
മറവിൽപ്പറ്റിയ രാവുകളിൽ

കുഴഞ്ഞു വീണു തലമുറ തോറും
വിരിഞ്ഞ സുന്ദരസ്വപ്നങ്ങൾ.

തകർന്നടിഞ്ഞു യുഗങ്ങൾ നീളെ-
പ്പടുത്തുയർത്തിയ സംസ്കാരം.

വർണ്ണോജ്ജ്വലമാം കുഞ്ഞിച്ചിറകുകൾ
കരിഞ്ഞു വീണൊരു ശലഭം ഞാൻ

പൊരിഞ്ഞ മണലിൽ, കരിഞ്ഞ പൂവിതൾ
വിരിച്ച ശയ്യയിൽ വീണു ഞാൻ.■ 1963 കൗമുദി വാരിക